DESPATCHED
On...25/03/22

22/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2027(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 17287/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 22**

ശ്രീ. സുരേഷ് ടി.ആർ.,
തേവർ മഠം,
പരിയാരം സെന്റർ, പരിയാരം പി.ഒ.,
കണ്ണൂർ - 670 502.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡിപ്പോ മാനേജർ,
സപ്ലൈകോ, താലൂക്ക് ഡിപ്പോ,
തളിപ്പറമ്പ്, കണ്ണൂർ - 670 141.

2) അപ്പീൽ അധികാരി & മേഖല മാനേജർ,
സപ്ലൈകോ,
റീജിയണൽ ഓഫീസ്, ജയിൽ റോഡ്,
കോഴിക്കോട് - 673 004.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 07/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 05/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 20/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/03/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. സുരേഷ് ടി.ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 2, 3, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20 എന്നീ ഇനങ്ങൾക്ക് വ്യക്തവും കൃത്യവുമായ വിവരം ലഭ്യമാക്കിയില്ലെന്നും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവിൽ 2, 3, 8, 10,

11, 12, 13, 14 എന്നീ ഇനങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടും ആയത് ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ടിയാന്റെ വിവരാവകാശ അപേക്ഷയിലെ മുഴുവൻ ചോദ്യങ്ങൾക്കും വ്യക്തവും കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും, വിവരാവകാശ നിയമം അവഗണിച്ചും അവഹേളിച്ചും പ്രവർത്തിച്ച എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 07.07.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. തളിപ്പറമ്പ് താലൂക്ക് ഡിപ്പോയിൽ ശ്രീ. സുരേഷ് ടി.ആർ., എന്ന വ്യക്തി ഡിപ്പോ മാനേജർ എന്ന നിലയിൽ ജോലി ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രവർത്തന കാലയളവ് വ്യക്തമാക്കണമെന്നും

ii. തളിപ്പറമ്പു ഡിപ്പോ പരിധിയിൽ എത്ര NFSA ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ആരംഭിച്ച തീയതി വ്യക്തമാക്കണമെന്നും

iii. NFSA ഡിപ്പോകൾക്കായി ഗോഡൗൺ കണ്ടെത്തി ഏറ്റെടുത്ത തീയതി വ്യക്തമാക്കണമെന്നും

iv. NFSA ഡിപ്പോകളിൽ നിന്നും ചരക്കു നീക്കത്തിനായി ഇ-ടെണ്ടർ മുഖേനയുള്ള 2017-ലെ വാഹന കോൺട്രാക്റ്റ് അംഗീകരിച്ചിട്ടുള്ള ഡി.എം.സി. തീരുമാന നമ്പരും തീയതിയും ഇത് സാധൂകരിച്ചിട്ടുള്ള ആർ.എം.സി. തീരുമാന നമ്പരും തീയതിയും വ്യക്തമാക്കണമെന്നും മറ്റുമായി 20 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 17.08.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 05.09.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിത തീയതിയ്ക്കകം വിവരം ലഭ്യമാക്കിയില്ലെന്നും ലഭ്യമാക്കിയ മറുപടിയിൽ ആവശ്യപ്പെട്ട വിവരം നൽകിയില്ലെന്നും അപ്പീൽ അധികാരിയുടെ വിവരം മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും 1, 4 എന്നീ ഇനങ്ങൾ ഒഴികെ ബാക്കിയുള്ളവയ്ക്ക് വ്യക്തവും കൃത്യവുമായ വിവരം നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 04.10.2021-ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ഫീസ് ഒടുക്കിയിരുന്നില്ലെന്ന് 9.7.2021-ന് ഡിപ്പോയിൽ നിന്നും അറിയിച്ചതിന്റെ

അടിസ്ഥാനത്തിൽ 20.7.2021-നാണ് അപേക്ഷാ ഫീസ് സപ്ലൈകോയിൽ ഒടുക്കിയതെന്നും ഫീസ് ഒടുക്കിയ തീയതി മുതൽ 30 ദിവസമാണ് മറുപടി നൽകാനുള്ള സമയപരിധി എന്നും മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ലെന്നും അപേക്ഷയിലെ 2, 3, 8, 10, 11, 12, 13, 14 എന്നീ ഇനങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 15.1.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.ടി.ആർ.സുരേഷ് സമർപ്പിച്ച അപേക്ഷയിൽ അപേക്ഷാ ഫീസായ 10/- രൂപ സപ്ലൈകോ ഡിപ്പോയിൽ ഒടുക്കിയിരുന്നില്ലെന്നും ആയത് ഒടുക്കുന്നതിനായി വിവരം അറിയിച്ചുകൊണ്ടുള്ള കത്ത് 9.7.2021-ന് രജിസ്റ്റേർഡ് പോസ്റ്റ് വഴി ടിയാനെ അറിയിക്കുകയും പ്രസ്തുത തുക 20.7.2021-ന് തളിപ്പറമ്പ് ഡിപ്പോയിൽ ടിയാൻ ഒടുക്കിയതിനെ തുടർന്ന് 19.8.2021-ന് മറുപടി കൈപ്പറ്റിയിട്ടുണ്ടെന്നും അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി കാര്യാലയത്തിൽ ലഭ്യമായ രേഖകൾ പരിശോധിച്ച് പരമാവധി വ്യക്തമായും കൃത്യമായും നൽകിയിട്ടുള്ളതാണെന്നും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ചോദ്യങ്ങൾക്കുള്ള വ്യക്തത ടി കാര്യാലയത്തിൽ നിന്നും 14.1.2022-ന് നൽകിയിട്ടുണ്ടെന്നും ശ്രീ. ടി.ആർ. സുരേഷ് സമർപ്പിച്ച അപേക്ഷയിലെ 15, 16, 17, 18 ചോദ്യങ്ങൾക്കുള്ള വിശദാംശങ്ങൾക്ക് പകർപ്പ് ഫീ ഒടുക്കി വാങ്ങാവുന്നതാണെന്നും രേഖകൾ നേരിൽ പരിശോധിക്കാവുന്നതാണെന്നും ഒന്നാം അപ്പീൽ അധികാരി നിർദ്ദേശിച്ചിരുന്നുവെങ്കിലും ടിയാൻ ആയത് കൈപ്പറ്റുവാനോ പരിശോധിക്കുവാനോ ടി കാര്യാലയത്തിൽ എത്തിരുന്നില്ലെന്നും വിശദീകരണങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്നില്ലെന്നും അറിയിച്ചിട്ടുണ്ടെന്നും ഇത്തരത്തിലുള്ള നിരവധിയായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ അപേക്ഷകന് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനായി ടി കാര്യാലയത്തിൽ വന്ന് രേഖകൾ പരിശോധിക്കാവുന്നതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിക്കണമെന്നും മറുപടി നൽകിയതിൽ വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നതുമാണ് ടിയാന്റെ ആവശ്യം എന്ന് കാണുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് അപ്പീൽ അധികാരിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ മറുപടി തയ്യാറാക്കി 11.1.2022-ന് ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. കൂടാതെ രേഖകൾ നേരിട്ട് പരിശോധിക്കാൻ നൽകിയ അവസരം ഹർജിക്കാരൻ ഉപയോഗപ്പെടുത്തിയതായും കാണുന്നില്ല.

ഹർജിക്കാരൻ വിവരാവകാശ അപേക്ഷ നൽകിയത് 7.7.2021–നാണെങ്കിലും ഫീ ഒടുക്കാതെയാണ് അപേക്ഷ നൽകിയത് എന്ന കാര്യം 9.7.2021–ന് ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് 20.7.2021–നാണ് ഫീ ഒടുക്കിയിട്ടുള്ളത്. തുടർന്ന് 17.8.2021–ന് മറുപടി നൽകിയിട്ടുമുണ്ട്. ആയതിനാൽ കാലതാമസം വരുത്തിയാണ് വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയത് എന്ന ഹർജിക്കാരന്റെ വാദം നിലനിൽക്കുന്നതല്ലെന്ന് മാത്രമല്ല വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ ബോധപൂർവ്വമോ മന:പൂർവ്വമോ ആയ വീഴ്ചകൾ എതിർകക്ഷികളുടെ ഭാഗത്ത് ഉണ്ടായതായും കാണുന്നില്ല. എന്നിരുന്നാലും നൽകിയ മറുപടിയിൽ ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി പരിശോധിച്ച് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മറുപടി തയ്യാറാക്കി 10.4.2022–നകം ഹർജിക്കാരന് അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഇത്തരത്തിലുള്ള ബൃഹത്തായ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത് എതിർകക്ഷി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുകയും ആയത് ടി സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങളെ തടസ്സപ്പെടുത്തുവാനും ഇടയാകും എന്നതിനാൽ ഇത്തരം സുദീർഘമായ ചോദ്യങ്ങൾ വിവരാവകാശ നിയമപ്രകാരം ചോദിക്കുന്നത് പരമാവധി ഒഴിവാക്കണമെന്ന് കമ്മീഷൻ ഹർജിക്കാരനെ ഓർമ്മപ്പെടുത്തുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 22–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി